# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7889 — 23/7/2012 ൽ മറുപടിക്ക്

### പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി. സതീശൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) നാഷണൽ പോലീസ് കമ്മീഷൻ 7-ാം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ക്രൈം കേസിന്റെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ (എസ്.എച്ച്.ഒ) ചുമതല വഹിച്ചുവരുന്നത് ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥൻ ആയിരിക്കെ, കേരളത്തിൽ മാത്രം ഇതിനുള്ള നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ. | (എ)യും, (ബി)യും) പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ (എസ്.എച്ച്.ഒ) തസ്തികകൾ ഇൻസ്പെക്ടർ റാങ്കിലേക്ക് ഉയർത്തുന്നതു സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി എ.ഡി.ജി.പി (ട്രെയിനിംഗ്) ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) ക്രമസമാധാന പാലനവും ക്രൈം ഇൻവെസ്റ്റിഗേഷനും രണ്ടായി തിരിക്കുന്നതിലൂടെയും ഗ്രേഡ് സബ് ഇൻസ്പെക്ടർമാരുടെ നിയമനത്തിലൂടെയും പോലീസ് സ്റ്റേഷനുകളിൽ സബ് ഇൻസ് പെക്ടർമാരുടെ എണ്ണത്തിലും ക്രൈം കേസുകളുടെ എണ്ണത്തിലും വർദ്ധനവ് ഉള്ളതിനാലും സ്റ്റേഷൻ ഹൗസ് ഓഫീസർ ചുമതല വഹിക്കുന്നത് ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥൻ ആകണമെന്നത് അനിവാര്യമായിരിക്കെ ആയതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ